→ A & B സൂപ്രണ്ടിന് മെയിൽ
→ ചീമേനി, നെട്ടുകാൽത്തേരി
അയച്ചു

**File No.SJD/1028/2020-C1**

150 YEARS OF CELEBRATING THE MAHATMA

Break the Chain

**സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ**
**(ഹാജർ: ഷീബ ജോർജ്ജ് ഐ.എ.എസ് )**

ഉത്തരവ് നം. എസ്ജെഡി/1028/2020-സി1

തിരുവനന്തപുരം,
തീയതി. 25/01/2021

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - പ്രൊബേഷൻ & ആഫ്റ്റർ കെയർ പ്രോഗ്രാം - ജയിൽ തടവുകാരുടെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം - നെട്ടുകാൽത്തേരി, ചീമേനി തുറന്ന ജയിൽ & കറക്ഷണൽ ഹോം - തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം :
1. സ.ഉ.(സാധാ) നം. 322/2014/സാ.നീ.വ തീയതി 08/05/2014
2. സ.ഉ.(സാധാ) നം. 681/2017/സാ.നീ.വ തീയതി 15/10/2017
3. സ.ഉ.(സാധാ) നം. 611/2020/സാ.നീ.വ തീയതി 06/11/2020.
4. നെട്ടുകാൽത്തേരി തുറന്ന ജയിൽ & കറക്ഷണൽ ഹോം സൂപ്രണ്ടിന്റെ 11/12/2020, 14/12/2020 തീയതികളിലെ OP-4-16/2020 നം. കത്തുകൾ.
5. ചീമേനി തുറന്ന ജയിൽ & കറക്ഷണൽ ഹോം സൂപ്രണ്ടിന്റെ 20/08/2020 - ലെ OP7-1589/2020/OPCHC നം. കത്ത്.
6. ചീമേനി തുറന്ന ജയിൽ & കറക്ഷണൽ ഹോം സൂപ്രണ്ടിന്റെ 30/12/2020 - ലെ OP7-1760/2020/OPCHC നം. കത്ത്.

കുടുംബനാഥൻ ജയിലിൽ കഴിയുന്നത് മൂലം വനിതകൾ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങളിലെ കുട്ടികൾക്കും , വനിതാ തടവുകാരുടെ കുട്ടികൾക്കും വിദ്യാഭ്യാസ ധനസഹായം പുതുക്കി നിശ്ചയിച്ചുകൊണ്ട് മേൽ പരാമർശം (1), (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി പദ്ധതി മുൻവർഷങ്ങളിൽ നടപ്പിലാക്കിയത് പോലെ 2020-21 സാമ്പത്തിക വർഷത്തിൽ തുടർന്നും നടപ്പിലാക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (3) പ്രകാരവും സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിൻ പ്രകാരം 5 വയസ്സിന് താഴെയുള്ള കുഞ്ഞുങ്ങൾക്കും, 1 മുതൽ 5 വരെ ക്ലാസ്സിലുള്ള കുട്ടികൾക്കും 300/- രൂപാ വീതവും, 6 മുതൽ 10 വരെ ക്ലാസ്സിലുള്ള കുട്ടികൾക്ക് 500/- രൂപാ വീതവും, +1, +2 ക്ലാസ്സുകളിലെ കുട്ടികൾക്ക് 750/- രൂപാ വീതവും, സർക്കാർ / എയ്ഡഡ് സ്ഥാപനങ്ങളിലും, മെരിറ്റ് സീറ്റിൽ അൺ എയ്ഡഡ് കോളേജുകളിൽ ഡിഗ്രി / പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് 1000/- രൂപാ വിതവും പ്രതിമാസം തുക അനുവദിക്കുന്നുണ്ട്.

2020-21 സാമ്പത്തിക വർഷത്തെ വിദ്യാഭ്യാസ ധനസഹായത്തിനായി പരാമർശം (4),(5),(6) പ്രകാരം നെട്ടുകാൽത്തേരി, ചീമേനി തുറന്ന ജയിൽ & കറക്ഷണൽ ഹോമുകളിൽ ലഭിച്ച 7 പേരുടെ അപേക്ഷകൾ ജയിൽ സൂപ്രണ്ടിന്റെ ശുപാർശ സഹിതം

**File No.SJD/1028/2020-C1**

ഈ കാര്യാലയത്തിൽ അയച്ചു തന്നിരിക്കുന്നു . ടി അപേക്ഷകൾ വ്യക്തമായി പരിശോധിച്ചതിൽ നിന്നും ലഭിച്ച 7 അപേക്ഷകളും പരിഗണനാർഹമാണെന്ന് കാണുന്നു.. ഇതിൽ 6 മുതൽ 10 വരെ ക്ലാസ്സിലുള്ള 5 കുട്ടികൾക്ക് 5000/- രൂപാ വീതം 25,000/- രൂപയും, +1 ക്ലാസ്സിലെ 2 കുട്ടികൾക്ക് 7500/- രൂപാ വീതം 15,000/- രൂപയും ചേർത്ത് ആകെ 40,000/- രൂപയുടെ (നാൽപ്പതിനായിരം രൂപാ മാത്രം ) ധനസഹായത്തിന് അർഹതയുള്ളതായി കാണുന്നു.

| ക്രമ നം. | ക്ലാസ്സ് | പ്രതിവർഷം ഒരു വിദ്യാർത്ഥിക്ക് അനുവദിക്കുന്ന തുക | വിദ്യാർത്ഥികളുടെ എണ്ണം | ആകെ തുക |
|---|---|---|---|---|
| 1. | 6 മുതൽ 10 വരെ | 5000.00 | 5 | 25,000.00 |
| 2. | +1 | 7500.00 | 2 | 15,000.00 |
| ആകെ | | | 7 | 40,000.00 |

മേൽ വിവരിച്ച സാഹചര്യത്തിൽ , വിയ്യൂർ അതീവ സുരക്ഷാ ജയിലിൽ ദീർഘകാലമായി തടവ് ശിക്ഷ അനുഭവിച്ചുവരുന്നവരുടെ മക്കൾക്കുള്ള 2020-21 സാമ്പത്തിക വർഷത്തെ വിദ്യാഭ്യാസ ധനസഹായമായി 40,000/- രൂപ ( നാൽപ്പതിനായിരം രൂപാ മാത്രം ) അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. മേൽ തുകയായ 40,000/- രൂപ( നാൽപ്പതിനായിരം രൂപാ മാത്രം ) അനുബന്ധമായി ചേർത്തിട്ടുള്ള ലിസ്റ്റ് പ്രകാരമുള്ള ഗുണഭോക്താക്കളുടെ പേരിന് നേരെ രേഖപ്പെടുത്തിയിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തു നൽകേണ്ടതാണ്.

ഇതിലേയ്ക്കാവശ്യമായ ചെലവ് 2020-21 സാമ്പത്തിക വർഷത്തിലെ 2235-02-106-93 ( പ്ലാൻ ) എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ

<u>പകർപ്പ് :</u>

1. സൂപ്രണ്ട്, എ/ബി/പ്ലാനിംഗ് സെക്ഷൻ
2. സൂപ്രണ്ട്, നെട്ടുകാൽത്തേരി തുറന്ന ജയിൽ & കറക്ഷണൽ ഹോം
3. സൂപ്രണ്ട്, ചീമേനി തുറന്ന ജയിൽ & കറക്ഷണൽ ഹോം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

**FINANCIAL ASSISTANCE TO THE CHILDREN OF PRISONERS**

| Sl No. | Name & Address of Applicant | Name of Beneficiary | Class | Name of Bank & Branch | Bank Account Number | IFSC Code | Amount (Rs.) | Name of Prison |
|---|---|---|---|---|---|---|---|---|
| 1 | Bijukumar K C, Kalakkattuparambil Veedu, Valayanchirangara, Perumbavoor | Adithya Biju | Plus One | SBI, Kidangoor | 67153890046 | SBIN0070106 | 7500.00 | Open Prison & Correctional Home, Nettukaltheri |
| 2 | Manikandan, Akampadam House, Manalipadam,Mudappallur, Palakkad | Aparna M | X | The South Indian Bank, Mudappallur | 0167053000014320 | SIBL0000167 | 5000.00 | Open Prison & Correctional Home, Nettukaltheri |
| 3 | Manikandan, Akampadam House, Manalipadam,Mudappallur, Palakkad | Amalkrishna M | VII | The South Indian Bank, Mudappallur | 0167053000014319 | SIBL0000167 | 5000.00 | Open Prison & Correctional Home, Nettukaltheri |
| 4 | Manikandan, Akampadam House, Manalipadam,Mudappallur, Palakkad | Athukkrishna M | VII | The South Indian Bank, Mudappallur | 0167053000014321 | SIBL0000167 | 5000.00 | Open Prison & Correctional Home, Nettukaltheri |
| 5 | Sudheer N, Valiyavilakam, Madalvila, Perumathura PO, Tvpm | Mohammed Bazer S | VII | State Bank of India | 67283716444 | SBIN0070047 | 5000.00 | Open Prison & Correctional Home, Nettukaltheri |
| 6 | Vijayan N P, Nallattuparambil Veedu, Chengottoor PO, Ponmula, Malappuram | Bindhu K P | IX | State Bank of India, Kakkodi | 67287274444 | SBIN0070858 | 5000.00 | Open Prison & Correctional Home, Cheemeni |
| 7 | Prabhakaran, Puthukkulangara, Irattamuzhi, Cheekkode PO, Malappuram | Abhishek P | XI | Canara Bank, Perambilpeedika | 1697108045670 | CNRB0001697 | 7500.00 | Open Prison & Correctional Home, Cheemeni |
| **TOTAL** | | | | | | | **40000.00** | |

File No.SJD/1028/2020-C1